"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ "ശലഭോദ്യാനം" എന്ന പ്രോജക്റ്റിന്റെ തുക കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KFRI) എന്ന സ്ഥാപനത്തിന് തുക ഡെപ്പോസിറ്റ് ചെയ്ത നടപടിക്ക് സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.590/2025/LSGD തീയതി,തിരുവനന്തപുരം, 03-03-2025

---

പരാമർശം:-

1. വല്ലച്ചിറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02/07/2024-ലെ 400715/DPPF14/GA/2024/1924(7) നമ്പർ കത്തും, 4/03/2024- ലെ 17-ാം നമ്പർ പഞ്ചായത്ത് ഭരണ സമിതി തീരുമാനവും.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 30/01/2025-ലെ 4.66 നമ്പർ തീരുമാനം.

**ഉത്തരവ്**

വല്ലച്ചിറ ഗ്രാമപഞ്ചായത്ത് മൂന്നാം വാർഡിൽ പൊതുകുളത്തിന്റെ പരിസരത്ത് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് അനുവദിച്ച 3.50 ലക്ഷം രൂപ വകയിരുത്തി ശലഭോദ്യാനം നിർമ്മിക്കുന്നതിന് 2023-24 വർഷം പ്രോജക്റ്റ് ഏറ്റെടുത്തിരുന്നു. ഈ തുക ജൈവവൈവിധ്യ ബോർഡിന്റെ ഉപദേശ പ്രകാരം കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് (KFRI) ഡെപ്പോസിറ്റ് ചെയ്തു. ഈ നടപടിക്ക് സാധൂകരണം നല്കണമെന്ന് പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരുന്നു.

ഗ്രാമപഞ്ചായത്തിന്റെ ആവശ്യം പരാമർശം (2) പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിച്ചു. കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് നല്കിയ വിഹിതം ബോർഡിന്റെ തന്നെ നിർദ്ദേശ പ്രകാരമാണ് കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് (KFRI) ഡെപ്പോസിറ്റ് ചെയ്തത് എന്നതിനാൽ വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ മേൽ നടപടിക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി/പ്രസിഡന്റ്, വല്ലച്ചിറ ഗ്രാമപഞ്ചായത്ത്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം), തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ വിങ്, ഐ& പി. ആർഡി, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (LSGD-DA2/88/2024-LSGD)

ഉത്തരവിൻ പ്രകാരം,
Signed by
Viraj K
Date: 03-03-2025 13:13:06
സെക്ഷൻ ഓഫീസർ.